കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:...........................................

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)*

നം.കെ.എസ്.എ.കെ.കെ.ഡി. പി11/2025/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഫോൺ- 0495 2371012
ഇ-മെയിൽ-dokkd.ksad@kerala.gov.in


തീയതി 18.02.2020

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**ചേളന്നൂർ ബ്ലോക്ക്** പഞ്ചായത്ത്

സർ,

വിഷയം : **ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് - 2018-19** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസി. ഡെവലപ്പ്മെന്റ് കമ്മീഷണർ , കോഴിക്കോട് 3)കാര്യാലയ പകർപ്പ്

നം . കെ.എസ്.എ.കെ.കെ.ഡി പി11-2025/2019 തിയ്യതി:18.02.2020

# കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ **ചേളന്നൂർ പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് **11.08.2018** മുതൽ **25.11.2019** തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ഗീത. എം, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.11.2019 മുതൽ 04.12.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ജയകുമാർ പാലോളി, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഇന്ദുകല. സി. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. സുരേഷ് കുമാർ. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ശോഭന. ഒ. പി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. മനോജ്കുമാർ. എ. ടി | 01.04.2018 മുതൽ 10.05.2018 വരെ |
| | ശ്രീമതി. നജില ഉബൈദുള്ള | 11.05.2018 മുതൽ 31.03.2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. സന്തോഷ്. എം. വി | 01.04.2018 മുതൽ 31.03.2019 വരെ |
| | | |

| | | |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ. ഷാഹുൽ ഹമീദ്. എ. എം. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി അസി. ഡയറക്ടർ | ശ്രീമതി. രേഷ്മ. എൻ. ആർ | 01.04.2018 മുതൽ 30.06.2018 വരെ |
| | ശ്രീമതി. മീന. ടി.ഡി | 01.07.2018 മുതൽ 14.10.2018 വരെ |
| | ശ്രീമതി. ഗീത. കെ.ജി | 15.10.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. സതീശൻ. ഒ | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. ശ്രീകാന്തി. | 01.04.2018 മുതൽ 05.06.2018 വരെ |
| | ശ്രീമതി. ലാവണ്യ. സി | 06.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. സുരേശൻ. കെ. കെ | 01.04.2018 മുതൽ 12.03.2019 വരെ |
| | ഡോ. രൂപ | 13.03.2019 മുതൽ 31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി. ശാലിനി. പി | 01.04.2018 മുതൽ 03.09.2018 വരെ |
| | ശ്രീ. നന്ദകുമാർ. പി. ജി | 04.09.2018 മുതൽ 23.09.2018 വരെ |
| | ശ്രീമതി. കെ. ടി കോമളം | 24.09.2018 മുതൽ 31.03.2019 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.നജ്മ.എം.എച്ച് | 1-04-18 മുതൽ 31-12-18 വരെ |
| സി.ഡി.പി.ഒ(ഇൻ ചാർജ്ജ്) | ശ്രീമതി.ജയശ്രീ.കെ | 1-01-19 മുതൽ 31-03-19 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓാഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്യാഷ് പരിശോധന | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-8 |
| 9 | ഗുണഭോക്തൃ ലിസ്റ്റിൽ പെടാത്തവർക്ക് നെൽകൃഷിക്ക് കൂലിചെലവ് സഹായം നൽകി | 1-9 |
| 10 | എസ്.സി വിഭാഗത്തിൽപ്പെട്ട ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. | 1-10 |
| 11 | വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-11 |
| 12 | കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം പരിഗണിക്കാതെ കരാറിലേർപ്പെട്ട് പ്രവൃത്തികൾ നടപ്പാക്കി | 1-12 |
| 13 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മാണം - പദ്ധതി നടപ്പാക്കിയില്ല | 1-13 |
| | | |

| | | |
|---|---|---|
| 14 | സി.ഡി.പി.ഒ നടപ്പാക്കിയ പദ്ധതികൾ | 1-14 |
| 15 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-15 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 16 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 17 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 18 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 19 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 20 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 21 | സ്ഥിര നിക്ഷേപം | 4-6 |
| 22 | ഓഡിറ്റ് റിക്കവറി | 4-7 |
| 23 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 24 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 25 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 26 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

**27.03.2018** തീയതിയിലെ **152/17-18** തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് **12.02.2019** തീയതിയിലെ **99/18-19** തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,31,98,576 |
| വരവ് | 7,43,49,602 |
| ആകെ | 10,75,48,178 |
| | |

| | |
|---|---|
| ചെലവ് | 9,84,25,796 |
| നീക്കിയിരിപ്പ് | 91,22,382 |

# 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,47,36,000 | 3,47,36,000 | 3,22,35,185 | 25,00,815 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1,67,02,000 | 1,67,02,000 | 1,63,04,386 | 3,97,614 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 16,14,000 | 16,14,000 | 12,95,200 | 3,18,800 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 41,21,000 | 41,21,000 | 40,90,014 | 30,986 |

# 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 107 | 9,94,56,717 | 87 | 5,39,24,785 | - | 20 | 81 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ നിർവ്വഹണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സി.ഡി.പി.ഒ | 11 | 11 | 8157906 | 4813661 | 59 |
| മെഡിക്കൽ ഓഫീസർ | 4 | 4 | 2570000 | 2241811 | 87.23 |
| പട്ടിക ജാതി വികസന ഓഫീർ | 4 | 3 | 2700036 | 2232166 | 82.67 |
| അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | 2 | 2 | 3231598 | 1317949 | 40.78 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 11116000 | 4515000 | 40.62 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 4 | 5485480 | 1097500 | 20 |
| അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | 12 | 9 | 9908076 | 5195602 | 52.44 |

| | | | | | |
|---|---|---|---|---|---|
| അസി. എഞ്ചിനീയർ | 23 | 12 | 15546227 | 7504638 | 48.27 |
| സെക്രട്ടറി | 41 | 37 | 40741394 | 25006458 | 61.38 |
| ആകെ | 107 | 87 | 99456717 | 53924785 | |

അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി, ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമാണ്, മേഖല തിരിച്ചുള്ള ചെലവ് വിവരം താഴെ ചേർക്കും പ്രകാരമാണ്.

| മേഖല | ജനറൽ | | എസ്.സി. പി | | ടി.എസ്.പി | | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | |
|---|---|---|---|---|---|---|---|---|
| | വകയിരുത്തിയത് | ചെലവഴിച്ചത് | വകയിരുത്തിയത് | ചെലവഴിച്ചത് | വകയിരുത്തിയത് | ചെലവഴിച്ചത് | വകയിരുത്തിയത് | ചെലവഴിച്ചത് |
| ഉല്പാദനം | 81,67,949 | 68,65,449 | 13,55,480 | 4,15,000 | - | - | - | - |
| സേവനം | 2,78,50,766 | 2,06,98,099 | 1,32,29,136 | 1,06,29,730 | 12,95,200 | 12,95,200 | 40,61,814 | 31,58,982 |
| പശ്ചാത്തലം | 58,17,670 | 46,71,637 | 62,79,851 | 52,59,656 | 3,22,800 | | 34,99,186 | 9,31,032 |
| ആകെ | 41836385 | 32235185 | 20864467 | 16304386 | 1618000 | 1295200 | 7561000 | 4090014 |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ആകെ വകയിരുത്തിയത് 99456717/- രൂപയും ചെലവഴിച്ചത് 53924785/- രൂപയുമാണ്. ആകെ ചെലവ് ശതമാനം 75 ആണ്. സംയുക്ത പ്രോജക്ടിനായി മറ്റ് ഗ്രാമ പഞ്ചായത്ത്, മറ്റ് ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയിൽ നിന്നായി യഥാക്രമം 18473216/- രൂപ, 2595649/- രൂപ, 918000/- രൂപ വിവിധ പദ്ധതികൾക്കായി വകയിരുത്തിയതായി ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിൽ നിന്നുള്ള ചെലവുകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന **02.12.2018** ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ **1850/-**രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന പോരായ്മകൾ ശ്രദ്ധയിൽ പെട്ടു. സ്ഥാപനത്തിൽ നിലവിലുള്ള ഓഫീസ് ഓർഡർ അവസാനമായി പുന:ക്രമീകരിച്ചിരിക്കുന്നത് 1-7-2016 ലാണ് .

ഓഡിറ്റ് കാലയളവിൽ സ്ഥാപനത്തിലെ ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധനയക്ക് വിധേയമാക്കിയിട്ടില്ല. ഓഫീസ് ഉത്തരവ് പ്രകാരം രജിസ്റ്റർ മാസം തോറും രണ്ട് തവണ ഹെഡ്ക്ളാർക്കിനും ഒരു തവണ ബി.ഡി.ഓ -യ്ക്കും പരിശോധനക്കായി സമർപ്പിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ ജീവനക്കാരുടെ പ്രതിമാസ യോഗം കൃത്യമായി ചേർന്നിട്ടില്ല. ഓൺ ഫണ്ട് ചെലവ് വൗച്ചറുകളിൽ, വൗച്ചർ നമ്പരടങ്ങുന്ന പേമെന്റ് ഓർഡർ സൂക്ഷിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ വാങ്ങലുകളിൽ 8.11.2010ലെ പി.259/2010 ത.സ്വ.ഭ.വ പ്രകാരമുള്ള പ്രൊക്വയർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

# 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പരും തിയ്യതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.10.2019 മുതൽ 16.10.2019 വരെ | 08/2018 – 09/2019 | 117/DPAW1/2019/KKD തീ. 27.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.2016 മുതൽ 28.12.2016 വരെ | 2011-12 മുതൽ 2015-16 വരെ | LBA(HQ)V-I/8A-2544 /187 തീ. 31.01.2017 |

# 1-8 വാർഷികകണക്കുകളിലെ അപാകതകൾ

ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബാലൻസ് ഷീറ്റ്, ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ എന്നീ പത്രികകളിൽ മുൻ സാമ്പത്തിക വർഷത്തെ തുക രേഖപ്പെടുത്തുന്നില്ല.
2. ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.
3. ബി-4 സ്റ്റേറ്റ്മെൻറ് പ്രകാരം കേരളോത്സവം ഗ്രാന്റ് 31462/- രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ എ.സി.ആർ പ്രകാരം ഈയിനത്തിൽ മുൻബാക്കി 30,000/- രൂപ ഉൾപ്പെടെ 65000/- രൂപ നീക്കിയിരിപ്പുണ്ട്.
4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം 558265/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ സംക്ഷിപ്തം എഴുതിയിട്ടില്ലാത്തതിനാൽ തിരിച്ചടച്ച തുകയുടെ വിശദാംശങ്ങൾ പരിശോധിക്കാനായിട്ടില്ല. ഇതിൽ ഭൂരിഭാഗവും M.G.N.R.E.G.S പദ്ധതിയുടെ ഭരണ ചെലവുകൾക്കായി നൽകിയിട്ടുള്ള മുൻകൂർ തുകകളാണ്. ആയവ തിരികെ ഈടാക്കിയില്ല.
5. ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികളുടെ നടത്തിപ്പിനായി ലഭിച്ച 2,45,000/- രൂപ ബി-4 സ്റ്റേറ്റ്മെൻറ് പ്രകാരം നീക്കിയിരിപ്പുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ പരിശോധിക്കാൻ എ.സി.ആർ ഹാജരാക്കിയിട്ടില്ല.
6. ബി-7 സ്റ്റേറ്റ്മെൻറ് പ്രകാരം ഡെപ്പോസിറ്റ് നീക്കിയിരിപ്പ് 4,44,133/- രൂപയാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതിയിട്ടില്ലാത്തതിനാൽ മേൽ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. അസി.എഞ്ചിനീയർ നടപ്പിലാക്കുന്ന പദ്ധതികളിൽ കരാറുകാരിൽ നിന്ന് വാങ്ങുന്ന ഡെപ്പോസിറ്റ് തുകകൾ ബ്ലോക്ക് പഞ്ചായത്തിൻെറ ഡെപ്പോസിറ്റ് നീക്കിയിരിപ്പിലേക്ക് വരവ് വന്നിട്ടില്ല.

7. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല

# 1-9 ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്തവർക്ക് നെൽകൃഷിക്ക് കൂലിചെലവ് സഹായം നൽകി

പ്രോജക്ട് - നെൽകൃഷി (ഹരിതകേരളം സമ്പൂർണ്ണ തരിശുരഹിതഗ്രാമം)

അടങ്കൽ - 2533774/- രൂപ
(വികസനഫണ്ട്- 1028887/- രൂപ
ഗ്രാമ പഞ്ചായത്ത് വിഹിതം-1186887/-രൂപ,
ജി.പ .വിഹിതം-318000/-രൂപ)

ചെലവ് - 1028887/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ -കൃഷി അസിസ്റ്റന്റ് ഡയറക്ടർ.

ചേളന്നൂർ ബ്ളോക്ക് പഞ്ചായത്തിലെ ആറ് ഗ്രാമ പഞ്ചായത്തുകളിലെ 175.22 ഹെക്ടറിൽ നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകുന്നതിലൂടെ നെൽകൃഷി ഗണ്യമായി വർദ്ധിപ്പിക്കുകയും പരമാവധി തരിശു ഭൂമികൾ കൃഷിയോഗ്യമാക്കുകയും ചെയ്യുന്നതിനാണ് പ്രോജക്ട് ലക്ഷ്യം വെച്ചത്. ഇതിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ താഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരങ്ങൾ പരിശോധിച്ചതിൽ, പദ്ധതി പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ടും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം, | തുക | നൽകിയത് |
|---|---|---|
| 4/30-11-18 | 372487 | നരിക്കുനി -53125<br>(22-ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് നൽകി)<br>കക്കോടി-319362<br>(93-ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് നൽകി) |
| 5/29-12-18 | 170000 | കാക്കൂർ-<br>(231-ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് നൽകി) |
| 7/29-12-18 | 50000 | ചേളന്നൂർ-<br>(26-ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് നൽകി) |
| 11/14-3-19 | 150000 | തലകുളത്തൂർ (സെക്രട്ടറിക്ക് കൈമാറി) |
| 6/29-12-18 | 65000 | ചേളന്നൂർ-(സെക്രട്ടറിക്ക് കൈമാറി) |
| 13/14-3-19 | 221400 | കക്കോടി-71400<br>നന്മണ്ട -150000 (സെക്രട്ടറിക്ക് കൈമാറി) |

മേൽ തുകകളിൽ കാക്കൂർ ഗ്രാമപഞ്ചായത്തിലെ 231 ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾ ബന്ധപ്പെട്ട പഞ്ചായത്തിന്റെ പദ്ധതിക്കായി അംഗീകരിച്ച ഗുണഭേക്തൃലിസ്റ്റ് ഉൾപ്പെട്ടവരാണോ എന്നത് വ്യക്തമല്ല. കാക്കൂർ ഗ്രാമപഞ്ചായത്തിൽ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് 14-1-19 ലെ 6/6/19 നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിലെ 7 പാടശേഖര സമിതികളെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥ എട്ട്

പാടശേഖര സമിതി സെക്രട്ടറിമാർ നൽകിയ ലിസ്റ്റ് പ്രകാരമുള്ള 231 പേർക്കാണ് 170000/- രൂപ ധനസഹായം നൽകിയിട്ടുള്ളത്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പാടശേഖര സമിതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | കണ്ടോത്ത് പാറ പാടശേഖര സമിതി | 36 |
| 2 | കാവിൽതാഴെ പാടശേഖര സമിതി | 43 |
| 3 | വാവുള്ള നടതാഴം പാടശേഖര സമിതി | 34 |
| 4 | ഈന്താട് പാടശേഖര സമിതി | 29 |
| 5 | പാവണ്ടൂർ പാടശേഖര സമിതി | 5 |
| 6 | കൊല്ലക്കരതാഴം പാടശേഖര സമിതി | 35 |
| 7 | രാമല്ലൂർ പാടശേഖര സമിതി | 38 |
| 8 | കുട്ടമ്പൂർ പാടശേഖര സമിതി | 11 |
| | ആകെ | 231 |

ഇത്തരത്തിൽ കക്കോടി ഗ്രമപഞ്ചായത്ത് 17-10-2018 ലെ 222/18 തീരുമാന പ്രകാരം 5 പാടശേഖര സമിതികളെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരിക്കുന്നത്. അതേ സമയം ചേളന്നൂർ ഗ്രമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12-10-18 ലെ 1/7 തീരുമാനമായ 2018-19 ജനകീയാസൂത്രണ പദ്ധതിയിൽ നെൽകൃഷിക്ക് ആനുകൂല്യം നിലവിൽ നെൽകൃഷി ചെയ്യുന്നവർക്ക് അനുവദിക്കാനുള്ള ശുപാർശ, ഭരണ സമിതി 15-10-19 ലെ 6/2 തീരുമാന പ്രകാരം അംഗീകരിച്ചതിന്റ അടിസ്ഥാനത്തിലാണ്, കർഷകർക്ക് ധനസഹായം നൽകിയിട്ടുള്ളത്.

പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ (ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെ) കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് (ബ്ളോക്ക്-ജില്ലാ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന ഇത്തരം പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ ഉൾപ്പെടെ) പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം.11/2018/ത.സ്വ.ഭ.വ തീയ്യതി 29.01.2018 ഖണ്ഡിക 11.3 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ആയതിന് വിരുദ്ധമായാണ് നെൽകൃഷിക്ക് കൂലിചെലവ് നൽകൽ പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ധനസഹായം നൽകുകയും ചെയ്തിട്ടുള്ളത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് സംബന്ധിച്ച് രേഖകൾ ഹാജരാക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-10 എസ്.സി.വിഭാഗത്തിൽപ്പെട്ട ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ – 660000/- രൂപ
( വികസനഫണ്ട് (എസ്.സി.പി) – 415000/-രൂപ
ഗ്രാമപ .വിഹിതം – 251000/-രൂപ)

ചെലവ് – 415000 /- രൂപ (ബിൽ നം-2/30-5-18)

ചേളന്നൂർ ബ്ലോക്കിലെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീര സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനും ക്ഷീരകർഷകരെ ക്ഷീരമേഖലയിൽ പിടിച്ചു നിർത്തുന്നതിനു വേണ്ടിയാണ് പദ്ധതി നടപ്പാക്കുന്നത്. ക്ഷീരകർഷകർ അളക്കുന്ന പാലിന് ലിറ്ററിന് 4/-രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനായി ആറ് പഞ്ചായത്തു സെക്രട്ടറിമാർക്ക് താഴെ പറയും പ്രകാരം തുക നിർവ്വഹണ ഉദ്യോഗസ്ഥ കൈമാറിയിട്ടുണ്ട്.

| പഞ്ചായത്തിന്റെ പേര് | കൈമാറിയ തുക |
|---|---|
| നന്മണ്ട | 200000 |
| തലക്കളത്തൂർ | 20000 |
| കക്കോടി | 50000 |
| ചേളന്നൂർ | 30000 |
| നരിക്കുനി | 15000 |
| കാക്കൂർ | 100000 |

മേൽ തുകകളുടെ വിനിയോഗ വിവരം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നന്മണ്ട ഗ്രാമപഞ്ചായത്തിന്, പദ്ധതിക്കായി കൈമാറിയ 200000/- രൂപയിൽ 8492/- രൂപ മാത്രമാണ് പഞ്ചായത്ത് വിനിയോഗിച്ചത്. ചെലഴിക്കാതെ അവശേഷിച്ച 191508/- രൂപ സാമ്പത്തിക വർഷത്തിനുശേഷം സർക്കാരിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ട്. ഇതിൽ നിന്നും പദ്ധതി ആനുകൂല്യത്തിന് അർഹരായ ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി കണക്കാക്കാതെയാണ് പദ്ധതിക്കായി തുക വകയിരുത്തി പഞ്ചായത്തിന് കൈമാറിയത് എന്ന് വ്യക്തമാകുന്നു. ഓഡിറ്റ് വർഷം ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി ജനറൽ വിഭാഗത്തിൽ 3000000/- രൂപയും, വനിതാ വിഭാഗത്തിനായി 100000/- രൂപയും വകയിരുത്തി ബ്ലോക്ക് പഞ്ചായത്ത് മറ്റ് രണ്ട് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. അതിനുപുറമെയാണ് എസ്.സി വിഭാഗക്കാർക്ക് മാത്രമായും പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. എസ്.സി. വിഭാഗങ്ങളിൽപ്പെടുന്നതും, ക്ഷീര സംഘങ്ങളിൽ പാലളക്കുന്നവരെയും സംബന്ധിച്ച അടിസ്ഥാന വിവരങ്ങളുടെ അഭാവം, പദ്ധതിപണം ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാൻ കഴിയാതെ വന്നതിനു കാരണമായി.
ചേളന്നൂർ, കാക്കൂർ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും തുടർ വർഷങ്ങളിൽ ഒരേ പദ്ധതി വ്യത്യസ്ത വിഭാഗങ്ങൾക്കായി നടപ്പാക്കേണ്ടതുണ്ടെങ്കിൽ ആയത് പഞ്ചായത്തുകളിലെ മേഖലയെ സംബന്ധിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിലെ അടിസ്ഥാന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-11 വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.

ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഓഡിറ്റ് വർഷത്തിൽ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി സാധനങ്ങൾ വാങ്ങുന്നതിന് 8.11.2010 ലെ പി.259/2010 ത.സ്വ.ഭ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും നിർവ്വഹിക്കാൻ പോകുന്ന പ്രോജക്ടുകൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും എന്തൊക്കെയാണെന്നുള്ളതിന്റെ ലിസ്റ്റ് പ്രൊക്വർമെന്റ് കമ്മിറ്റിയെ ഏല്പിക്കണമെന്നും, കമ്മിറ്റി എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ആവശ്യമായ സാധനങ്ങളും സേവനങ്ങളും മൊത്തത്തിൽ കണ്ടെത്തി ഒരേ ഇനം സാധനങ്ങൾ ഒരുമിച്ച് വാങ്ങുന്നതിനുള്ള നടപടി ക്രമം തെരെഞ്ഞെടുക്കുകയും ഇപ്രകാരം വാങ്ങുന്നതിന് പ്രൊക്വർമെന്റ് ടീമിനെ ചുമതലപ്പെടുത്തണമെന്നും മേൽ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. പ്രൊക്വർമെന്റ് ടീം ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധന/സേവന ദാതാക്കളെ തെരെഞ്ഞെടുക്കുകയും, ഇവരുമായി കരാറിലേർപ്പെടുകയും ചെയ്ത് ഇവരിൽ നിന്നും സാധനങ്ങൾ/സേവനങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു. ഇതനുസരിച്ച് സാധനങ്ങൾ/ സേവനങ്ങൾ വാങ്ങുന്ന ഉദ്യോഗസ്ഥർ അവ കൈപ്പറ്റി തുക നല്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഇത്തരം ഒരു പ്രൈക്വർമെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രൈക്യൂർമെന്റ് ടീമായി പ്രവർത്തിച്ചിട്ടില്ല. തൻവർഷം പ്രോജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകം ടെണ്ടർ/ക്വട്ടേഷൻ/നേരിട്ടുള്ള വാങ്ങൽ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ വാങ്ങുന്ന മുൻകാല രീതി തന്നെ അവലംബിക്കുകയായിരുന്നു . ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് | വാങ്ങിയ സാധനം | ചെലവ് തുക/ ബിൽ നം | സ്ഥാപനം |
|---|---|---|---|---|---|
| 150/18-19 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി<br>തലക്കുളത്തൂർ | സി.എച്ച് .സി തലക്കുളത്തൂർ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | ഫോട്ടോസ്റ്റാറ്റ് മെഷീൻ,<br>സ്റ്റബിലൈസർ | 51750/-<br>ബിൽ നം-10/12-3-19 | ഡോട്ട് കമ്പ്യൂട്ടർ സൊലൂഷൻസ് |
| | | | പാഡ് ചെയർ<br>32-എണ്ണം<br>വില-97685/-<br>എയർപോർട്ട് ചെയർ<br>8-എണ്ണം<br>വില-50410<br>എയർ കണ്ടീഷണർ<br>3-എണ്ണം<br>വില-98500 | 246595/-<br>ബിൽ നം-14/23-3-19 | മാനസി സീറ്റിംഗ് ടെക്നോളജീസ്<br>കൊച്ചിൻ ഫർണിച്ചർ<br>കണ്ണൻകണ്ടി സെയിൽസ് കേർപ്പറേഷൻ |
| 153/18-19 | സി.ഡി.പി.ഒ | സി.ഡി.പി. ഓഫീസിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | ഫോട്ടോസ്റ്റാറ്റ് മെഷീൻ, ആംചെയർ(മൂന്ന് എണ്ണം)<br>കമ്പ്യൂട്ടർ ടേബിൾ(മൂന്ന് എണ്ണം) | 119700<br>ബിൽ നം-24/18-19 l,29-3-19<br>7869/-<br>ബിൽ നം-22/18-19,29-3-19<br>47677/-<br>ബിൽ നം-21/18-19,29-3-19 | കെ.എം.ടെക്നോളജീസ് ,കോട്ടയം<br>സിഡ്കോ<br>ഗവ.വുഡ് വർക്ക് ഷോപ്പ് |
| 11/18-19 | അസിസ്റ്റന്റ് .എക്സി. എഞ്ചിനീയർ | എ.എക്സി. ഓഫീസിലേക്ക് | യൂ.പി.എസ് | 98600/- | സുപ്രാ ഹൈടെക്ക് ഇലക്ട്രോ |

| | | | | | |
|---|---|---|---|---|---|
| | | യു.പി.എസ് വാങ്ങൽ | | ബിൽ നം-7/18-18,14-8-18 | എക്യുപ്പ്മെന്റ്സ്. |
| 110/18-19 | അസിസ്റ്റന്റ് .എക്സി. എഞ്ചിനീയർ | എ.എക്സി.ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | കമ്പ്യൂട്ടർ-1എണ്ണം<br>പ്രിന്റർ -2എണ്ണം | 114100/-<br>ബിൽ നം-12/18-19, 11-2-19 | കെ.പി.എസ് ഇന്നവേഷൻസ് |
| | | | കമ്പ്യൂട്ടർ ടേബിൾ-1എണ്ണം<br>ഷെൽഫ് -1എണ്ണം | 31606/-<br>ബിൽ നം-13/18-19, 28-3-19 | റബ്കോ |
| 164/18-19 | സെക്രട്ടറി | ബ്ളോക്ക് ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ | പ്രിന്റർ-1എണ്ണം | 16500/-<br>92/18-19,16-3-19 | ഗ്ളോബൽ എെ.ടി എക്സ്പേർട്ട്. |
| 108/18-19 | സെക്രട്ടറി | യു.പി.എസ് വാങ്ങൽ | യു.പി.എസ്-1എണ്ണം | 48680/-<br>ബിൽ നം-12/18-19, 24-5-18 | കെ.പി.എസ് ഇന്നവേഷൻസ് |
| 100/18-19 | | സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടി | ഡെസ്ക് ടോപ്പ്കമ്പ്യൂട്ടർ-1എണ്ണം<br>മോണിറ്റർ-1എണ്ണം<br>പ്രിന്റർ-1എണ്ണം | 99300/-<br>ബിൽ നം-16/18-19, 29-5-19 | കെ.പി.എസ് ഇന്നവേഷൻസ് |
| 97/18-19 | സെക്രട്ടറി | സെക്രട്ടറിക്കും, പട്ടികജാതി വികസന ഓഫീസർക്കും ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ | ഫോട്ടോസ്റ്റാറ്റ് മെഷീൻ -2എണ്ണം | 146000/-<br>ബിൽ നം-12/18-19. 24-5-18 | എക്സൽ ബിസിനസ് സിസ്റ്റംസ് |
| 25/18-19 | സി.ഡി.പി.ഒ | സി.ഡി.പി.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | കമ്പ്യൂട്ടർ -3<br>166500<br>യു.പി.എസ്-3<br>24650 | 191150/-<br>ബിൽ നം-5/18-19, 1-10-18 | കെ.പി.എസ് ഇന്നവേഷൻസ് |
| 109/18-19 | സി.ഡി.പി.ഒ | എെ.സി.ഡി എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | കമ്പ്യൂട്ടർ<br>മോണിറ്റർ<br>പ്രിന്റർ | 48500/-<br>ബിൽ നം-1/18-19, 16-5-18 | കെ.പി.എസ് ഇന്നവേഷൻസ് |

മേൽ വാങ്ങലുകളിൽ കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ഫർണിച്ചറുകൾ എന്നിവ സമാന സ്വഭാവമുള്ളവയായിരുന്നിട്ടും വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് വ്യത്യസ്ത ഏജൻസികളിൽ നിന്നുമാണ് വാങ്ങിച്ചിട്ടുള്ളത്. മേൽ വാങ്ങലുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ ഓഡിറ്റിന് വിധേയമാക്കണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല ഇതുമൂലം ഒരേ ഇനം സാമഗ്രികൾ വാങ്ങുന്നതിന് ഓരോ ഉദ്യോഗസ്ഥനും വ്യത്യസ്ത നടപടിക്രമങ്ങൾ സ്വീകരിക്കുകയും മാന്വൽ വിഭാവനം ചെയ്ത വാങ്ങലുകളിൽ പരമാവധി നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയാതെ വരികയും ചെയ്തു.

പ്രൊക്വർമെന്റ് മാന്വലിന് വിരുദ്ധമായി സാധനങ്ങൾ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്. ബ്ളോക്ക് പഞ്ചായത്തിന്റെ വാങ്ങലുകൾ സാധനങ്ങൾ സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം പരിഗണിക്കാതെ കരാറിലേർപ്പെട്ട് പ്രവൃത്തികൾ നടപ്പാക്കി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പാക്കിയ

സ്പിൽ ഓവർ പ്രവൃത്തികളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവൃത്തികൾ നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ട്. പി.ഡബ്ള്യു.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 ഉത്തരവ് പ്രകാരം 01.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർനിർണയിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്.

| ക്രമ നം. | പ്രോജക്ട് നമ്പർ, പേര് | കരാറുകാരൻ,എഗ്രിമെന്റ് നമ്പർ/ തിയ്യതി | ആകെ ചെലവ് | ബിൽ നം., തീയതി | എം. ബുക്ക് നം. |
|---|---|---|---|---|---|
| 1 | ചീക്കിലോട് - കരിയാണിമല റോഡ് ടാറിംഗ് | ശ്രീ. മൊയ്തീൻകോയ പി. പി<br>AEE -13/2017-18 dt. 27.02.2018 | 12,37,818 | 6/2018-19 തീ. 27.06.2018 | 27/2017-18<br>28/2017-18 |
| 2 | അറപ്പക്കുഴി റോഡ് ടാറിംഗ് | ശ്രീ. ടി. വി സുരേഷ് കുമാർ<br>AEE- 14/17-18 dt. 12.03.2018 | 10,00,000 | 8/2018-19 തീ. 23.11.2018 | 03/2018-19 |
| 3 | കൊളത്തൂർ - കരിയാണിമല റോഡ് | ശ്രീ. മണി. ഇ<br>AEE-12/17-18 dt. 27.02.2018 | 6,00,000 | 05/18-19 തീ. 14.06.2018 | 18/17-18 |

മേൽ പരാമർശിച്ച പ്രവൃത്തികൾക്ക് കരാർ വച്ചത് ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണെന്ന് കാണുന്നു. പഴയ കോസ്റ്റ് ഇൻഡക്സ് നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിൽ സാങ്കേതികാനുമതി വാങ്ങിയ പ്രവൃത്തികളാണെങ്കിലും, പ്രവൃത്തി ഏല്പിച്ചു കൊടുക്കുന്നത് മേൽ ഉത്തരവിന്റെ പ്രാബല്യ തീയതിയായ 01.10.2017കഴിഞ്ഞായതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസൃതമായി എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തേണ്ടതായിരുന്നു. കോസ്റ്റ് ഇൻഡെക്സിൽ വന്ന 4.91 ശതമാനത്തിന്റെ വ്യത്യാസം പരിഗണിക്കാതെ കരാറിലേർപ്പെട്ട് പ്രവർത്തികൾ നടപ്പാക്കിയതിനാൽ അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടായിട്ടുണ്ട്. കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവൃത്തികൾ നടപ്പാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മാണം - പദ്ധതി നടപ്പാക്കിയില്ല

സംസ്ഥാനത്തിന്റെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുകയെന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്. ഈ ലക്ഷ്യം നേടുന്നതിനായി സംസ്ഥാന സർക്കാരിനൊപ്പം പ്രാദേശിക സർക്കാരുകളും മുന്നിൽ നിന്നും പ്രവർത്തിക്കേണ്ടതുണ്ട്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസനമിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യ സംസ്കരണം, ജല സംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണ് ഉള്ളത്. മാലിന്യരഹിത, കാർഷിക സമ്പന്നമായ, ജല സ്വയംപര്യാപ്തത ഉള്ള ഒരു തദ്ദേശഭരണ സ്ഥാപനം എന്നിവ ലക്ഷ്യമായി കണ്ടാണ് ഹരിതകേരള മിഷൻ പ്രവർത്തിക്കുന്നത്. ഇതിൽ പ്രധാനമാണ് ശുചിത്വ- മാലിന്യ സംസ്കരണം.

സ. ഉ 11/2018/തസ്വഭവ തീ.29.01.2018 ഖ. 7.1.6(സി).1 പ്രകാരം, ഓരോ പ്രദേശത്തേയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യം ശേഖരിച്ച് പുന:ചക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം. എല്ലാ ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ

പഞ്ചായത്തുകളും പൊതുവിഭാഗം വികസനഫണ്ടിലെ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും മാലിന്യ സംസ്കരണത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരള മിഷൻ പ്രൊജക്ടുകൾക്ക് വകയിരുത്തണം (ഇതേ ഉത്തരവിലെ ഖ. 5.4(4))

തൻവർഷം ബ്ലോക്ക് പഞ്ചായത്ത് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ (എം. ആർ. എഫ് സെന്റർ) നിർമ്മാണത്തിനായി (പ്രൊ.നം.79/19) വികസന ഫണ്ട്(പൊതുവിഭാഗം)ൽ നിന്നും 2849880/- രൂപ വകയിരുത്തി അംഗീകാരം വാങ്ങിയെങ്കിലും പദ്ധതി നടപ്പാക്കിയില്ല.

പദ്ധതി നടത്തിപ്പിനായി എം.ആർ.എഫ് സെന്റർ സ്ഥാപിക്കുന്നതിന് കെട്ടിടം നിർമ്മാണത്തിന് തലക്കുളത്തൂർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട് (21.06.2018 ലെ 29(4)/18-19 തീരുമാനം). 2017-18 ൽ അംഗീകാരം ലഭിച്ച എം.ആർ.എഫ് യൂണിറ്റ് നിർമ്മാണം(49/17-18) തലക്കുളത്തൂർ ഗ്രാമ പഞ്ചായത്തിലെ പറപ്പാറ എന്ന സ്ഥലത്ത് ആരംഭിക്കുന്നതിന് ഉദ്ദേശിച്ചെങ്കിലും പ്രാദേശികമായ എതിർപ്പുകാരണം പദ്ധതി നടപ്പിലായില്ല. ആയതിനാൽ പ്രസ്തുത പ്രൊജക്ടിനു വേണ്ടി ലഭിച്ച ടെണ്ടർ റദ്ദ് ചെയ്യുന്നതിന് ഭരണസമിതി തീരുമാനമെടുക്കുകയും (തീരുമാനം. 59(1)/18-19 തീ. 11.10.2018 ), തുടർന്ന് 08.02.2019 ലെ 98/2018-19നം തീരുമാന പ്രകാരം എം.ആർ.എഫ് സെന്റർ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 04.02.2019 ന് അസി. എക്സി. എഞ്ചിനീയർ നടത്തിയ റീ- ഇ- ടെണ്ടർ നടപടിയിൽ ശ്രീ. സുരേഷ് കുമാർ. ടി. വി എന്നവരുടെ ഇ-ടെണ്ടർ 2846598.77/- രൂപയ്ക്ക്(2018-19 പദ്ധതി) അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർ നടപടികളൊന്നും സ്വീകരിച്ചതായോ പദ്ധതി നടപ്പാക്കിയതായോ കാണുന്നില്ല. പദ്ധതിയുടെ തുടർനടപടി വിവരം അറിയിക്കുന്നതിനായി നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/2018-19 തീ. 03.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.ഒ (എം.എസ്) 11/2018/lsgd/29.01.18 പ്രകാരം മാലിന്യ നിർമാർജന പദ്ധതികൾ ഹരിത കേരളം മിഷൻ പ്രവർത്തനവുമായി സംയോജിപ്പിച്ച് സമഗ്രമായി നടപ്പിലാക്കേണ്ടതാണ്.

ഓരോ വർഷവും വാർഷിക പദ്ധതികളുടെ അംഗീകാരം ലഭിക്കുന്നതിനു വേണ്ടിയുള്ള ഉപാധിയായി മാത്രം ഈ മേഖലയിൽ പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് പകരം മാലിന്യ പ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കുന്നതിന് കാര്യക്ഷമമമായ ഇടപെടൽ നടത്തി ഈ വിഷയത്തിൽ തുടർനടപടി നടത്തുന്നതിലേക്കായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നു.

## 1-14 സി.ഡി.പി.ഒ നടപ്പാക്കിയ പദ്ധതികൾ

ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ട് നം.8/18-19 – ഭിന്നശേഷിക്കാർക്ക് ഉപകരണ വിതരണം - പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് രൂ.4,93,396/- ബിൽ നം.20/18-19; തീ.29/03/19 പ്രകാരം നൽകിയിരിക്കുന്നു. എന്നാൽ ഓഡിറ്റ് തീയതി വരേയും ആയതിൽ പ്രോജകട് പ്രകാരം വിതരണം നടത്തേണ്ട താഴെപ്പറയുന്ന ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷൻ ബ്ളോക്ക് പഞ്ചായത്തിന് വിതരണം ചെയ്തിട്ടില്ല :

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | Accommodative footwear | 4 | 5577.60 |
| 2 | AFO | 4 | 3809.40 |
| 3 | CP Wheel Chair | 1 | 31762.50 |
| 4 | Moulded Shoes | 6 | 16008.30 |
| | | | |

| | | | |
|---|---|---|---|
| 5 | Hitech Knee Cap | 2 | 8578.50 |
| 6 | Leg Gaitor | 6 | 9506.70 |
| 7 | Prosthesis for Dis articulation | 1 | 26680.50 |
| | ആകെ | | 101923.50 |

2. പ്രോജക്റ്റ് നം.13/18-19 – ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ (എസ്.സി) - 2 ഗുണഭോക്താക്കൾ

പ്രോജക്റ്റ് നം.14/18-19 - ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ (ജനറൽ) - 5 ഗുണഭോക്താക്കൾ

മേൽ 2 പ്രോജക്ടുകളിലായി ആകെ 7 ഗുണഭോക്താക്കൾക്ക് വാഹനം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസ്, വാഹനങ്ങളുടെ ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതും ഉപകരണവിതരണവുമായി ബന്ധപ്പെട്ട് ഹാജരാക്കേണ്ട രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-15 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട താഴെ പറയുന്ന തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

| നിർവ്വഹണം | പ്രോജക്റ്റ് നം. പേര് | ബിൽ നം, തുക | സമർപ്പിക്കേണ്ട രേഖകൾ |
|---|---|---|---|
| സെക്രട്ടറി | 26/2018-19 ലൈഫ് ജനറൽ | 4970613/-രൂപ | കാക്കൂർ, നരിക്കുനി പഞ്ചായത്തുകൾ ഒഴികെ മറ്റ് പഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| സെക്രട്ടറി | 27/2018-19 ലൈഫ് (എസ്.സി) | 10080800/-രൂപ | കാക്കൂർ പഞ്ചായത്ത് ഒഴികെ മറ്റ് പഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| സെക്രട്ടറി | 29/2018-19 ലൈഫ് (എസ്.ടി)- പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിന് അധിക തുക | 200000/-രൂപ | കാക്കൂർ ഗ്രാമ പഞ്ചായത്തിന്റെ വിനിയോഗ സാക്ഷ്യപത്രം |
| സെക്രട്ടറി | 55/2018-19 എഴുകുളം കുടിവെള്ള പദ്ധതി-സംയുക്തം-നന്മണ്ട ഗ്രാ.പ | 500000/-രൂപ | നന്മണ്ട ഗ്രാമ പഞ്ചായത്തിന്റെ വിനിയോഗ സാക്ഷ്യപത്രം |
| സെക്രട്ടറി | 63/2018-19 അംബേദ്കർ കുടിവെള്ള പദ്ധതി | 800000/-രൂപ | ചേളന്നൂർ ഗ്രാ. പഞ്ചായത്തിന്റെ വിനിയോഗ സാക്ഷ്യപത്രം |
| സെക്രട്ടറി | 148/2018-19 വൃദ്ധർക്ക് കട്ടിൽ | 204000/-രൂപ | ചേളന്നൂർ ഗ്രാമ പഞ്ചായത്തിന്റെ വിനിയോഗ സാക്ഷ്യപത്രം |
| സെക്രട്ടറി | 104/2018-19 സ്നേഹസ്പർശം-വിഹിതം നൽകൽ-2017-18, 2018-19 | 500000/-രൂപ ബിൽ -9/18-19, തീയ്യതി-24-5-18, | കോഴിക്കോട് ഡി.പി.സി സ്നേഹസ്പർശം കോഓർഡിനേറ്ററുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ |

| | | | |
|---|---|---|---|
| | | 500000/-രൂപ<br>ബിൽ -24/18-19<br>29-6-18 | |
| സെക്രട്ടറി | 133/2018-19<br>ഇ.എം.എസ് സ്റ്റേഡിയം, തലക്കുളത്തൂർ(സംയുക്തം) | 500000/-രൂപ | തലക്കുളത്തൂർ ഗ്രാമ പഞ്ചായത്തിന്റെ വിനിയോഗ സാക്ഷ്യപത്രം |
| സെക്രട്ടറി | 132/2018-19<br>ധർമ്മംകുന്ന് കുടിവെള്ള പദ്ധതി (സംയുക്തം-കക്കോടി ഗ്രാ.പ) | 500000/-രൂപ | കക്കോടി ഗ്രാമ പഞ്ചായത്തിന്റെ വിനിയോഗ സാക്ഷ്യപത്രം |
| സി.ഡി.പി.ഒ | പ്രോജക്റ്റ് നം.7/18-19 – ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 17,75,000/-രൂപ<br>ബിൽ നം.2/18-19, തീ.29.05.18 | ചേളന്നൂർ, കക്കോടി,തലക്കുളത്തൂർ, കാക്കൂർ,നരിക്കുനി,നന്മണ്ട. എന്നീ 6 പഞ്ചായത്തുകൾക്ക് കൈമാറി |
| | പ്രോജക്റ്റ് നം.8/18-19 – ഭിന്നശേഷിക്കാർക്ക് ഉപകരണ വികരണം | 4,93,396/-രൂപ<br>ബിൽ നം. 20/18-19;<br>തീ.29/03/19 | ചേളന്നൂർ, കക്കോടി,തലക്കുളത്തൂർ, കാക്കൂർ,നരിക്കുനി,നന്മണ്ട. എന്നീ 6 പഞ്ചായത്തുകൾക്ക് കൈമാറി |
| | പ്രോജക്റ്റ് നം.9/18-19 – അനുപൂരക പോഷകാഹാരം | 900000/-രൂപ<br>ബിൽ നം. 8/18-19,<br>തീ.29.05.18 | ചേളന്നൂർ, കക്കോടി,തലക്കുളത്തൂർ, കാക്കൂർ,നരിക്കുനി,നന്മണ്ട. എന്നീ 6 പഞ്ചായത്തുകൾക്ക് കൈമാറി |
| | പ്രോജക്റ്റ് നം.163/18-19 – അംഗനവാടി അനുപൂരക പോഷകാഹാരം - | 306703/-രൂപ<br>ബിൽ നം. 16/18-19,<br>തീ .16.03.19 | ചേളന്നൂർ, കക്കോടി,തലക്കുളത്തൂർ, കാക്കൂർ,നരിക്കുനി,നന്മണ്ട. എന്നീ 6 പഞ്ചായത്തുകൾക്ക് കൈമാറി |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | പ്രോജക്റ്റ്- നം-36/18-19<br>ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(എസ്.സി ) ഫണ്ട് കൈമാറൽ | 415000/-രൂപ<br>ബിൽ<br>നം-2/30-5-18 | ചേളന്നൂർ (30000)<br>കാക്കൂർ (100000) |

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 13.08.2019 – 14.08.2019 | കെ.എസ്.എ.കെ.കെ.ഡി. ഇ2/887/ 2019(73) 23.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ. എസ്. ഇ. ബി | കാപ്പുമല കുടിവെള്ള പദ്ധതി (137/18-19) | 64/18-19 തീ. 27.12.2018 | 62,989 | 62,989 | ഇല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-6 സ്ഥിരനിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 4.13 | 2000-01 | | കാവിൽ തിരുത്തി മുക്ക്-ഊരള്ളൂർ റോഡ് | |
| 2004-05 | 3.11.II.1(1),(2) | 2001-02 | 22 | വ്യവസായ കേന്ദ്രം- തുക പാഴാക്കുന്നു | പദ്ധതി പൂർത്തീകരിക്കുകയോ തുക തിരികെ വാങ്ങുകയോ ചെയ്യാൻ ശുപാർശ |
| 2006-07 (പൊതു പരാമർശം) | 3.79.9.5 | 2003-04 | 3.20 | തൊഴിൽ സംരംഭങ്ങൾക്ക് വിഹിതം നല്കൽ | |
| 2006-07 (പൊതു പരാമർശം) | 3.79.9.6 | 2003-04 | 3.21 | കുടുംബശ്രീയ്ക്ക് ധനസഹായം | |
| 2006-07 (പൊതു പരാമർശം) | 3.79.14.3 | 2003-04 | 3.9 | വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ | |
| 2006-07 (പൊതു പരാമർശം) | 3.79.16.14 | 2003-04 | 3.2 | എസ്.ജി.ആർ.വൈ റോഡ് നിർമ്മാണം | |
| 2006-07 | 3.79.17.14 | 2003-04 | 3.10 | കുടിവെള്ള | |

| | | | | | |
|---|---|---|---|---|---|
| (പൊതു പരാമർശം) | | | | പ്രവൃത്തികൾ | |
| 2006-07 (പൊതു പരാമർശം) | 3.79.19.20 | 2003-04 | 3.4 | തെക്കും മുണ്ട്യാടി ഇറിഗേഷൻ കിണർ അധിക നിരക്ക് | |
| 2006-07 (പൊതു പരാമർശം) | 3.79.19.20 | 2003-04 | 3.8 | കോറോത്ത് ജലസേചനം – അധിക നിരക്ക് | |
| 2013-14 (പ്രവർത്തന ക്ഷമത റിപ്പോർട്ട്) | 5.1.5.9 | | | ഭൂഗർഭ ജലനിരക്ക് താഴുന്നു | |
| 2013-14 (പ്രവർത്തന ക്ഷമത റിപ്പോർട്ട്) | 5.3.5.4 | | | വ്യവസായ എസ്റ്റേറ്റ് | |
| 2014-15 (അവലോകനം) | 4.1.5 | | | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണ-ത്തിൽ മാത്രം ഒതുങ്ങുന്നു. | |
| 2014-15 (അവലോകനം) | 4.1.6 | | | അടഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,75,48,178 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,84,25,796 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16152679 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 18755413 | ശ്രീമതി. നജില ഉബൈദുള്ള,സെക്രട്ടറി |
| | 900000 | നജ്മ.എം.എച്ച്,സി.ഡി.പി.ഒ |
| | 2575099 | ജയശ്രീ.കെ,സി.ഡി.പി.ഒ |
| | 130000 | ശ്രീമതി.ശ്രീകാന്തി<br>ഡയറി എക്സ്റ്റൻഷൻഓഫീസർ |
| ആകെ | 22360512 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഗീത. കെ.ജി<br>കൃഷി അസിസ്റ്റന്റ് ഡയറകട | കൃഷി അസിസ്റ്റന്റ് ഡയറകട | ഡ്രീംസ്-38/305 B<br>ജനിതകം നേതാജിനഗർ<br>ഈസ്റ്റ് ഹിൽ<br>വെസ്റ്റ് ഹിൽ പി.ഓ<br>കോഴിക്കോട്-673005 |
| ശ്രീമതി. നജില ഉബൈദുള്ള<br>സെക്രട്ടറി | സെക്രട്ടറി<br>ചേളന്നൂർ ബ്ളോക്ക് പഞ്ചായത്ത് | നാജിതാസ്<br>എലത്തൂർ<br>കോഴിക്കോട് |
| ശ്രീമതി.ശ്രീകാന്തി<br>ഡയറി എക്സ്റ്റൻഷൻഓഫീസർ | ക്ഷീരവികസന ഓഫീസർ,<br>കോഴിക്കോട് | സൗപർണിക<br>11/33 ചേവായൂർ.പി.ഓ<br>കോഴിക്കോട്-17 |
| നജ്മ.എം.എച്ച്<br>സി.ഡി.പി.ഒ | സി.ഡി.പി.ഒ<br>ചേളന്നൂർബ്ളോക്ക് | കനവ്<br>ഗോവിന്ദപുരം<br>കോഴിക്കോട്-673016 |

| | | |
|---|---|---|
| ശ്രീമതി.ജയശ്രീ.കെ<br>സി.ഡി.പി.ഒ(ഇൻചാർജ്ജ്) | എെ.സി.ഡി.എസ്<br>നരിക്കുനി | അമൃതം ഹൗസ്<br>പടിഞ്ഞാറയിൽ<br>നന്മണ്ട.പി.ഓ<br>കോഴിക്കോട്-673613 |
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക പരാമർശങ്ങൾ |
|---|---|---|---|
| 1995-96<br>1996-97<br>1997-98 | എൽ.എഫ്.കെ.കെ.ഡി. പി6/200/05 05.10.05 | 7 | 23,24,26,27,28,29,30 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി7/121/09 തീ. 09.02.09 | 3 | 24,28,29 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി6/748/03 തീ.07.07.03 | 17 | 18,29,30,31,<br>32,33,34,35,<br>36,37,38,39,<br>40,41,42,43,44 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി6/1297/04 തീ.08.06.05 | 13 | 27,28(1),30,<br>31,32,33,34,<br>35,36,37,38,<br>39,40 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി7/1283/06 തീ.06.05.08 | 12 | 22,23(1),24,<br>25,26(1), (2),<br>28,29(a),<br>30,31,32,33 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി7/1296/06 തീ.06.05.08 | 19 | 7,8,9,10,11,<br>12,13,15,16,<br>17,18,19,21,<br>22,23,24,25,26,27 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി7/842/07 തീ.18.10.07 | 22 | 2-1,2-2,2-3,<br>3-1,3-3,3-5,<br>3-6,3-7,3-11,<br>3-12,3-14,3-15,<br>3-16,3-17,3-18,<br>3-19,3-2,3-4,3-9,<br>3-20,3-21 |

| | | | |
|---|---|---|---|
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി7/1187/08 തീ.04.02.09 | 13 | 3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8,<br>3-9,3-10,3-11,<br>3-13,3-14, |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി7/295/14 തീ.20.03.14 | 12 | 2-1,3-1(1,2),3-2,<br>3-3 (I,II,III),3-4,3-5,<br>3-6,3-7,3-8,<br>3-9,3-10,3-11 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി7/1731/11 തീ.10.11.11 | 14 | 3-1(a),3-2,3-3,<br>3-4,3-5,3-8,3-10,<br>3-11,3-12,3-13,<br>3-15,3-16,3-17,<br>3-19 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി7/1732/11തീ.10.11.11 | 12 | 3-2,3-4,3-5,3-6,<br>3-7,3-8,3-9,3-11,<br>3-12,3-13,3-14,<br>3-15, |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി7/296/14 തീ.19.06.14 | 12 | 2-1,2-2,3-2,3-3,<br>3-4,3-5,3-6,3-7,<br>3-8,3-9,3-10,3-11 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി7.297/14 തീ.20.06.14 | 22 | 2-1,2-2,3-1,<br>3-2,3-3,3-4,3-5,<br>3-6,3-7,3-8,3-9,<br>3-10,3-11,3-12,<br>3-13,3-14,3-15,<br>3-16,3-17,3-18,<br>3-19,3-20 |
| 2010-11 | | | |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി7/1317/13(1) തീ.17.06.14 | 12 | 2-2,2-2,2-3,3-1,<br>3-2,3-3,3-4,3-5,<br>3-6,3-7,3-8,3-9 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി7/483/16 തീ.01.06.2017 | 9 | 2-3,3-1,3-3,3-4,<br>3-5,3-6,3-7,3-9,<br>3-10 |
| 2013-14 | | | |
| 2014-15,<br>15-16 | കെ.എസ്.എ.കെ.കെ.ഡി.പി7/415/ 2017<br>തീയ്യതി.17 .03.2017 | 16 | 2-1,2-2,3-1(1),(2),<br>3-2,3-3,3-4,<br>3-5,3-6,3-7,3-8,<br>3-9,3-10,3-11,3-12,<br>3-13,3-14 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി7/2097/ 2017 തീയ്യതി<br>15.11.2017 | 21 | 2-1,2-2,3-1,3-2,<br>3-3,3-4,3-6,3-7,<br>3-8,3-9,3-10,3-11,<br>3-12,3-13,3-14,3-15, |

| | | | |
|---|---|---|---|
| | | | 3-16,3-17,3-18,<br>3-19,3-20 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4,1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6) 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19** ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്